പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 905 — 08-01-2014-ൽ മറുപടിക്ക്

## കടപ്ര, നിരണം, നെടുമ്പ്രം, പെരിങ്ങര പഞ്ചായത്തുകളിൽ ശുദ്ധജല പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടപ്ര, നിരണം, നെടുമ്പ്രം, പെരിങ്ങര പഞ്ചായത്തുകൾക്കായി പ്രഖ്യാപിച്ചിരിക്കുന്ന 27 കോടി രൂപയുടെ ശുദ്ധജല പദ്ധതിക്ക് ഭരണാനുമതി നൽകിയ ഉത്തരവിൽ പറയുന്ന സമയക്രമം അനുസരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഈ പദ്ധതി സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ സൂക്ഷ്മപരിശോധനയിലാണ്. സമയക്രമം പാലിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിക്കായുള്ള സർവ്വേ നടപടികൾ എന്നാരംഭിച്ച് എന്ന് പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ; | (ബി) കടപ്ര, നിരണം, നെടുമ്പ്രം, പെരിങ്ങര പഞ്ചായത്തുകൾ ഉൾപ്പെട്ട കുട്ടനാട് പ്രദേശത്തിനു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാരംഭ സർവ്വേ പ്രവൃത്തികൾ 2012 ഫെബ്രുവരിയിൽ ആരംഭിക്കുകയുണ്ടായി. പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെയും കിണർ, ജലസംഭരണികൾ എന്നിവ നിർമ്മിക്കുന്നതിന്റെയും സർവ്വേ പ്രവൃത്തികൾ പൂർത്തിയാക്കി 2013 ഫെബ്രുവരിയോടു കൂടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. |
| (സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ 27 കോടി രൂപ പ്രസ്തുത ശുദ്ധജല പദ്ധതിക്കായി അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ടി പദ്ധതിക്കായി തുക ലഭ്യമായിട്ടില്ല; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ